നം.കെഎസ്എ-കെടിഎം.പി4-1811/2018 തീയതി :11.10.2018

# കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.17 മുതൽ 31.08.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയൊ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷൈജു.എസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.09.2018 മുതൽ 27.09.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി സുധ ജേക്കബ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ലൂക്കോസ് കുര്യൻ | ഓഡിറ്റർ (ഹ.ഗ്രേ) |
| | ശ്രീ.യോഗേഷ്. ആർ | ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ. ചെറിയാൻ മാത്യു | 01.04.17 മുതൽ 31.03.2018 വരെ |
| ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി. ജെസി മാത്യു | 01.04.17 മുതൽ 31.03.2018 വരെ |
| വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി.സെലീമ സിബി | 01.04.17 മുതൽ 31.03.18 വരെ |
| ആരോഗ്യ വിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ. ബിനോയ്.പി.ചെറിയാൻ | 01.04.17 മുതൽ 31.03.2018 വരെ |
| ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി. ജിനി ജോജി | 01.04.17 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.ബെന്നി ജേക്കബ് | 01.04.17 മുതൽ 31.03.2018 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ജയകുമാർ .ബി.റ്റി. | 01.04.17 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി മിനി.എസ്.തമ്പി | 01.04.17 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | ശ്രീമതി ജാൻസി തോമസ് | 01.04.17 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ശ്രീ ഡോ. ജയദേവൻ | 01.04.17 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (1) | ശ്രീമതി ലേഖ.എം.തമ്പി | 01.04.17 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (2) | ശ്രീ മുഹമ്മദ് ഷാഫി | 01.04.17 മുതൽ 25.07.2017 വരെ |
| | ശ്രീ അനീഷ്. പി.മണി | 26.07.17 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ശ്രീമതി ഡോ.ധന്യാ സുശീലൻ | 01.04.17 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ശ്രീലതാ സി.കെ | 01.04.17 മുതൽ 31.05.17 വരെ |
| | ശ്രീമതി ബബിതാ സി ബേബി | 13.06.17 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. സുമ | 01.04.17 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി സിന്ധു. വി. | 01.04.17 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ സോജൻ.കെ.എസ്. | 01.04.17 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.അനുജ ഭാഗ്യലക്ഷ്മി | 01.04.17 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ഖണ്ഡിക നം. | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം. |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | രസീതുകളിലെ അപാകതകൾ |
| 2-2 | രസീതുകൾ ക്രമപ്രകാരം ക്യാൻസൽ ചെയ്യുന്നില്ല |
| 2-3 | വസ്തുനികുതി പരിഷ്കരണം--അടിസ്ഥാന നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തതിലെ പിഴവ്--തുടർ നടപടികൾ അറിയിക്കേണ്ടതാണ്. |

| | |
|---|---|
| 2-4 | മൊബൈൽ ടവറിന് കുറഞ്ഞ മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള ഇളവ് അനുവദിച്ച് നൽകി |
| 2-5 | പുതിയ വസ്തുനികുതി നിർണ്ണയത്തിന് കാലപ്പഴക്കത്തിനുള്ള ഇളവ് നൽകുന്നു |
| 2-6 | തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച |
| 2-7 | ഡി & ഒ ലൈസൻസ് നടപടിക്രമത്തിലെ പാളിച്ചകൾ |
| 2-8 | കെട്ടിടനിർമ്മാണ പെർമിറ്റ്--രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല |
| 2-9 | കെട്ടിടങ്ങളുടെ ക്രമവൽക്കരണ ഫീസ് ഈടാക്കുന്നതിൽ കുറവ് |
| 2-10 | ഇ-ടെൻഡർ--ടെൻഡർ ഫീസ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരികെ ലഭിച്ചിട്ടില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അവലോകനം |
| 3-2 | പുതിയ പഞ്ചായത്ത് ഓഫീസ് ഉദ്ഘാടനം--അധികച്ചെലവ് |
| 3-3 | പത്രപരസ്യങ്ങൾ ഒരുമിച്ച് നൽകിയിട്ടില്ല |
| 3-4 | വേസ്റ്റ് ബിൻ സ്ഥാപിയ്ക്കൽ--തുടർ പ്രവർത്തനങ്ങൾ നടത്തി പൂർത്തീകരിക്കാത്തത് |
| 3-5 | വാട്ടർ ടാങ്ക് വാങ്ങി നൽകൽ പദ്ധതി--അപാകതകൾ |
| 3-6 | ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത് |
| 3-7 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ ലഭ്യമാക്കിയില്ല |
| 3-8 | ആശ്രയ--തുടർ സേവനങ്ങൾക്കായി തുക ചെലവഴിക്കാത്തത് |
| 3-9 | വിനിയോഗ സാക്ഷ്യപത്രമില്ല--ചെലവ് തടസ്സപ്പെടുത്തുന്നു |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/ സർചാർജ് നടപടികളുടെ വിശദാംശങ്ങൾ |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017 -18വർഷത്തെ ബജറ്റ് 25-03-2017 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+)/(-) |
| മുന്നിരിപ്പ് | 1417135 | 20753014 | 19335879 | - | +1364 |
| വരവ് | 115837000 | 57725112 | - | 58111888 | -50.16 |
| ആകെ | 117254135 | 78478126 | - | 38776009 | -33.07 |
| ചെലവ് | 116351000 | 72707137 | - | 43643863 | -37.51 |
| നീക്കിയിരിപ്പ് | 903135 | 5770989 | 4867854 | - | +538.99 |

ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള പൊരുത്തക്കേട് വളരെ വലുതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിനുള്ള നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(5) പ്രകാരം പഞ്ചായത്ത് ഒരു വർഷത്തിനടയ്ക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ പ്രവൃത്തികൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമായതിനാൽ, സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകവും പുതുക്കിയതും ആയ റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളതും 29.01.2018-ൽ അംഗീകാരവും വാങ്ങിയതായും കാണുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 6793019 |
| വരവ് | 115837000 |
| ആകെ | 122630019 |
| ചെലവ് | 120635800 |
| നീക്കിയിരിപ്പ് | 1994219 |

## 1-2 വാർഷിക ധനകാര്യപത്രിക.

16.05.2018- ൽ വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിച്ചു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-2018 | 20/6/2018- 21/06/18 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 28-6-18 ലെ കെ.എസ്.എ.കെ.ടി.എം .പി.4/1207/18 നമ്പരായി

വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള കണക്കുകളുടെ വിശകലനം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 20753014 |
| വരവ് | 57725112 |
| ആകെ | 78478126 |
| ചെലവ് | 72707137 |
| നീക്കിയിരിപ്പ് | 5770989 |

## 1-5 ഫണ്ട് വിനിയോഗം

കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് –പൊതുവിഭാഗം | 0 | 11900000 | 11900000 | 11900000 | 0 | 100 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 3731921 | 3731921 | 3204000 | 527921 | 85.85 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 179926 | 179926 | 179926 | 0 | 100 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 12534000 | 12534000 | 11396934 | 1137066 | 90.92 |
| സംരക്ഷണഗ്രാന്റ്– നോൺറോഡ് | 0 | 2657000 | 2657000 | 1941710 | 715290 | 73.07 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5588511 | 5588511 | 5584241 | 4270 | 99.92 |
| പെർഫോമൻസ് ഗ്രാന്റ് (സ്റ്റേറ്റ്) | 0 | 741747 | 741747 | 739000 | 2747 | 99.63 |
| പെർഫോമൻസ് ഗ്രാന്റ് (സെൻട്രൽ) | 0 | 511094 | 511094 | 235278 | 275816 | 46.03 |
| തൊഴിലുറപ്പ് പദ്ധതി (MNREGS) | 28580 | 13441408 | 13469988 | 13455941 | 14047 | 99.89 |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി.എസ്. (ICDS) | 582677 | 478719 | 1061396 | 408903 | 652493 | 38.52 |
| സാക്ഷരത ഫണ്ട് | 118025 | 4396 | 122421 | 0 | 122421 | 0 |
| കേരളോൽസവം ഗ്രാന്റ് | 0 | 55000 | 55000 | 55000 | 0 | 100 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 156550 | 825000 | 981550 | 131187 | 850363 | 13.36 |
| സംയുക്ത പ്രോജക്ട് (Joint Venture) | 34577 | 929962 | 964539 | 929962 | 34577 | 96.41 |
| നിർമ്മൽ പുരസ്കാർ | 0 | 250000 | 250000 | 0 | 250000 | 0 |
| തനത് ഫണ്ട് (ജനറൽ പർപ്പസ് ഫണ്ട്) | 17233927 | 17196866 | 34430793 | 16568902 | 17861891 | 48.12 |

## 1-6 പദ്ധതി അവലോകനം

2017-18 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 148 | 136 | 0 | 12 | 91.89 |

2017-18 വർഷം വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം, ലഭ്യമായ ഫണ്ടുകളുടെ വിനിയോഗവിവരം എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചവ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 3311200/- | 1847900/- | 55.8 |
| വെറ്ററിനറി സർജൻ | 4 | 4 | 4840800/- | 1902900/- | 39.30 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. | 2 | 2 | 925000/- | 825627/- | 89.25 |
| മെഡിക്കൽഓഫീസർ-ആയുർവേദം | 1 | 1 | 400000/- | 400000/- | 100 |
| മെഡിക്കൽഓഫീസർ-ഹോമിയോ | 2 | 2 | 149000/- | 145000/- | 97.31 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 11 | 11 | 7815052/- | 7185157/- | 91.93 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 5 | 3224795/- | 2990713/- | 92.74 |
| സെക്രട്ടറി | 18 | 18 | 4874943/- | 4725421/- | 96.93 |
| അസിസ്റ്റന്റ് എൻജിനീയർ | 93 | 81 | 25911939/- | 19301747/- | 74.48 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 700000/- | 700,000/- | 100 |
| ഹെഡ് മാസ്റ്റർ | 3 | 3 | 2000000/- | 1940000/- | 97 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 3 | 830000/- | 830000/- | 100 |
| ആകെ | 148 | 136 | 54982729/- | 42794465/- | 77.83 |

2017-18 വാർഷികപദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാം തന്നെ വർഷത്തിൽ 4 തവണ വീതം കൂടി ചർച്ചകൾ നടത്തിയിട്ടുണ്ട്. ആയതിന്റെ മിനിട്സ് കൺവീനറും ചെയർമാനും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ആദ്യ ഗ്രാമസഭകൾ 2017 ഏപ്രിൽ 2 മുതൽ 9 വരെ വിവിധ വാർഡുകളിൽ ചേർന്നു.സർക്കാരിന്റെ വിവിധ പദ്ധതികളായ ലൈഫ്, ആർദ്രം മുതലായവയെപ്പറ്റി ഗ്രാമസഭകളിൽ സജീവ ചർച്ചകൾ നടന്നിട്ടുണ്ട്. വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് 23.4.17, 28.10.17, 09.11.17, 7.3.18 എന്നീ തീയതികളിൽ ഊരുകൂട്ട യോഗങ്ങൾ ചേർന്നു. 2017-18 ലെ വാർഷിക പദ്ധതിക്ക് 10.5.17ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകി (തീരുമാനം നം-1 ).
ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 13.06.2018 ലെ 490/17/ഡി.പി.സി/ഡി.പി.ഓ/കോട്ടയം നമ്പർ ഉത്തരവുപ്രകാരം നിർവ്വഹണാംഗീകാരം ലഭിച്ചു. അഗീകാരം കിട്ടിയ 148 പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ ആകെ 136 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 54982729/-രൂപ വകയിരുത്തിയതിൽ 42794465/-രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പാക്കിക്കൊണ്ട് ഊർജ്ജ മേഖലയിൽ ഗ്രാമപഞ്ചായത്ത് വലിയമുന്നേറ്റം നടത്തി. വിവിധ അങ്കൻവാടികളുടെ മെയിന്റനൻസ്, ഗാർഹിക ബയോഗ്യാസ് പ്ലാന്റ്, വെയിസ്റ്റ്ബിൻ സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ സാധിച്ചു.

3-ാം വാർഡ് അങ്കണവാടി കെട്ടിനിർമ്മാണം, വെമ്പള്ളി ഗവ.യു.പി സ്കൂൾ മെയിന്റനൻസ്, പൊതുശൗചാലയ സമുച്ചയ നിർമ്മാണം തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിച്ചെങ്കിലും നടപ്പാക്കുവാൻ സാധിച്ചില്ല. കാർഷിക മേഖലയിൽ വകയിരുത്തിയതിന്റെ 55.8 ശതമാനവും മൃഗസംരക്ഷണ മേഖലയിൽ 39.3 ശതമാനവും തുകകൾ മാത്രമാണ് ചെലവഴിക്കുവാൻ സാധിച്ചത് എന്നത് പദ്ധതി നടത്തിപ്പിലെ പോരായ്മയായി വിലയിരുത്തുന്നു. എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി അസിസ്റ്റന്റ് സെക്രട്ടറിയും, ഹെഡ്മിസ്ട്രസും നടപ്പാക്കിയിട്ടുണ്ട്. എസ്.സി.പി, ടി.എസ്.പി ഫണ്ടുകൾ ഉപയോഗിച്ചുള്ള പദ്ധതികൾ അസിസ്റ്റന്റ് സെക്രട്ടറി മാത്രം നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 28580 | 13441408 | 13469988 | 13455941 | 14047 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 25320 | 60 |
| കർഷകതൊഴിലാളി പെൻഷൻ | 4926300 | 459 |
| വിധവാപെൻഷൻ | 6250600 | 533 |
| വാർദ്ധക്യകാലപെൻഷൻ | 19945200 | 1687 |
| വികലാംഗപെൻഷൻ | 2873200 | 265 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 606500 | 52 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 30000 | 01 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.09.2018 തീയതി 04.00 പി.എം.-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 33,692/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

കാഷ് ബുക്ക്, ബാങ്ക് ബുക്ക്, ഡേ ബുക്ക് എന്നിവ പ്രതിദിനം പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. സാംഖ്യ സ്റ്റേഷനറി, രസീതു ബുക്കുകൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിയ്ക്കുന്നുണ്ട്. വിവിധ നികുതി/ഫീസിനങ്ങളുടെ ഡി.സി.ബി. രജിസ്റ്ററുകൾ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

സാംഖ്യ സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം ഗ്രാമ പഞ്ചായത്തിൽ ഉപയോഗിച്ചുവരുന്നു. വരവുകളും ചെലവുകളും കൃത്യമായ ശീർഷകത്തിൽ യഥാസമയത്ത് രേഖപ്പെടുത്തുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഇതിൽ ജീവനക്കാരുടെ പ്രതിദിന ഡ്യൂട്ടി വിവരം രേഖപ്പെടുത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പ് രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. അഡ്വാൻസ്, ഡെപ്പോസിറ്റ്, ലോൺ രജിസ്റ്ററുകളും കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിയ്ക്കുന്നുണ്ട്.

നിയതമായ ഓഫീസ് ഉത്തരവിലൂടെ ജീവനക്കാരുടെ ജോലികൾ നിർണ്ണയിച്ചിട്ടുണ്ട്. ബജറ്റിലൂടെ

സ്ഥാപനത്തിന്റെ വരവ്-ചെലവുകളെ മോനിട്ടർ ചെയ്യുന്നു.

ധനകാര്യ രേഖകളും പത്രികകളും സ്ഥാപനത്തിന്റെ ഇടപാടുകളെയും പ്രവർത്തനത്തെയും പ്രതിഫലിപ്പിക്കുന്നുണ്ട്.

തൃപ്തികരമായ ആഭ്യന്തരനിയന്ത്രണം നിലനില്ക്കുന്ന തദ്ദേശസ്ഥാപനങ്ങളിൽ ധനകാര്യ പത്രികകളുടെ കൃത്യത, പൂർണത, ഇടപാടുകളുടെ നിയമസാധുത, മിതവ്യയത്വം, കാര്യക്ഷമത, ഫലപ്രാപ്തി എന്നിവ ഉറപ്പാക്കാൻ സാധിക്കുന്നു എന്നതാണ് സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ആഭ്യന്തരനിയന്ത്രണത്തിന്റെ പ്രസക്തി.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ & തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.04.2018 | 02/2018 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.8.16-20.08.16 | 2011-12 മുതൽ 2015-16 വരെ | LBA (HQ)- II 8A- 2491/2012 dt 7.10.16 |

## 1-12 വാർഷികകണക്കുകളുടെ അവലോകനം

2017-18 വർഷത്തിലെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. 26.07.11 ലെ ജി.ഒ(എം.എസ്)152/11 ലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
3. അടിസ്ഥാന അനുപാതങ്ങൾ വാർഷികകണക്കുകൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.
4. വസ്തുനികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയപ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
5. ജീവനക്കാരുടെ തൊഴിൽനികുതിയുടെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഐ-I ഷെഡ്യൂൾ പ്രകാരമുള്ള വരുമാനം, റസീപ്റ്റ് &പേമെന്റ് ആർ.പി-I ഷെഡ്യൂൾ പ്രകാരമുള്ള വരവുമായി പൊരുത്തപ്പെടുന്നില്ല.
6. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ 320700104 എന്ന ശീർഷകത്തിൽ ബ്ലോക്ക് വിഹിതം നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.
7. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
8. തനത് ഫണ്ടിൽ നിന്നും എൻ.ആർ.ഇ.ജി.എ യ്ക്ക് നൽകിയ 497693 രൂപ റീരുപ്പ് ചെയ്യപ്പോൾ ജേർണൽ എൻട്രി പ്രകാരം രേഖപ്പെടുത്തൽ നടത്തിയതിനാൽ റസീപ്റ്റ് & പേമെന്റിൽ പ്രസ്തുത തുക പ്രതിഫലിച്ചിട്ടില്ല.
9. ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 61860 രൂപയിൽ 59 രൂപ റസീപ്റ്റ് & പേമെന്റിലെ 180400101 ഹെഡ്ഡിലും 61801 രൂപ 280200401 ഹെഡ്ഡിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതുകളിലെ അപാകതകൾ

സ്റ്റേഷനറി നം. 43444, 43445 എന്നിവയിൽ ഒരേ രസീത് (നം. 117060103650) പ്രിന്റ് ചെയ്ത് വന്നിരിക്കുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം.1- ന് മറുപടിയായി സ്റ്റേഷനറി നം. 43445 -ൽ മുൻ രസീത് നമ്പർ തന്നെ ഇരട്ടിപ്പായി വന്നത് ശ്രദ്ധയിൽപെട്ടപ്പോൾ രസീത് ക്യാൻസൽ ചെയ്തതായിട്ടാണ് അറിയിച്ചത്. എന്നാൽ ഒരു രസീത് എതെങ്കിലും കാരണത്താൽ ക്യാൻസൽ ചെയ്യുന്ന സന്ദർഭങ്ങളിൽ മാത്രമേ വീണ്ടും അതേ രസീത് നമ്പർ ഉപയോഗിച്ച് മറ്റൊരു രസീത് പ്രിന്റ് ചെയ്യുവാൻ സാധിക്കാറുള്ളൂ എന്ന സാധാരണ നടപടിക്രമത്തിന് വിരുദ്ധമായി ഒരു രസീത് ക്യാൻസൽ ചെയ്യാതെ തന്നെ ആവർത്തിച്ച് വന്നതു സംബന്ധിച്ച് ടെക്നിക്കൽ സ്റ്റാഫിന്റെ സഹായത്തോടെ കാരണം കണ്ടെത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 രസീതുകൾ ക്രമപ്രകാരം ക്യാൻസൽചെയ്യുന്നില്ല

2017-18 വർഷം ഔട്ട് ഡോർ കളക്ഷനായി ഉപയോഗിച്ച രസീത് ബുക്ക് നം. 40490, 40491 എന്നിവയിലെ ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല. അതോടൊപ്പം സാംഖ്യാ ക്യാൻസൽഡ് രസീതുകളിൽ പലതും പുനർ ഉപയോഗം സാധ്യമാകാത്ത രീതിയിൽ മാനുവൽ ആയി രസീതുകളിൽ വരച്ച് ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാ: ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്റ്റേഷനറി നം. | ഉപയോഗിച്ച തിയതി |
|---|---|---|
| 1 | 40556, 40557 | 28.06.17 |
| 2 | 40842 | 15.07.17 |
| 3 | 41000 | 27.7.17 |
| 4 | 41274 | 21.8.17 |
| 5 | 41448, 41450, 41464 | 11.09.17 |
| 6 | 41524 | 18.9.17 |
| 7 | 41886 | 17.10.17 |
| 8 | 42157, 42215 | 7.11.17 |
| 9 | 42326-42331 | 09.11.17 |
| 10 | 42432 | 15.11.17 |
| 11 | 42543 | 18.11.17 |
| 12 | 42552,42561 | 20.11.17 |
| 13 | 43520, 43524 | 08.01.18 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിൻമേൽ പരാമർശിക്കപ്പെട്ട എല്ലാ രസീതുകളും ക്യാൻസൽ ചെയ്ത് ഹാജരാക്കിയിട്ടുണ്ട്. പ്രിന്റർ തകരാർ മൂലമോ മറ്റ് കാരണങ്ങൾ മൂലമോ സാംഖ്യാ രസീതുകൾ ക്യാൻസൽ ചെയ്യുന്ന സന്ദർഭങ്ങളിൽ അതാത് ദിവസം തന്നെ അവ പുനർ ഉപയോഗം സാധ്യമാകാത്ത രീതിയിൽ മാനുവൽ ആയി വരച്ച് ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും, വിതരണം ചെയ്തിട്ടുള്ളതും ഉപയോഗിക്കാൻ ബാക്കിയുള്ളതുമായ രസീത് ബുക്കുകൾ സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 2-3 വസ്തുനികുതിപരിഷ്കരണം -അടിസ്ഥാനനികുതിനിരക്കുകൾ വിജ്ഞാപനം

## ചെയ്തതിലെ പിഴവ് -തുടർ നടപടികൾ അറിയിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 15.10.2011 ലെ IV(1)-ാം നമ്പർ തീരുമാനപ്രകാരം വിവിധങ്ങളായ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് പ്രാഥമികമായി നിശ്ചയിക്കുകയും പ്രസ്തുത നിരക്കുകൾ പ്രസിദ്ധം ചെയ്ത് പൊതുജനങ്ങളിൽ നിന്ന് ആക്ഷേപം ക്ഷണിക്കൽ ഉൾപ്പടെയുള്ള നിയമാനുസൃത നടപടികൾ പൂർത്തിയാക്കിയതിന് ശേഷം ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 19.12.2011 ലെ 4-ാം നം.തീരുമാനം പ്രകാരം അന്തിമമായി പ്രാബല്യത്തിൽ വരുത്തേണ്ട നിരക്കുകൾ നിശ്ചയിക്കുകയും ചെയ്തിരുന്നു. എന്നാൽ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി തയ്യാറാക്കിയ നോട്ടീസിൽ വിവിധ വിഭാഗം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് കമ്മറ്റി അന്തിമമായി നിശ്ചയിച്ച നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് കാണിക്കുകയും പ്രസ്തുത നിരക്കുകൾ സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി പ്രാബല്യത്തിൽ വരുത്തുകയും ചെയ്തതിനാൽ നികുതി ഇനത്തിലുള്ള വരവിൽ ഭീമമായ നഷ്ടമുണ്ടായതായും ഗ്രാമപഞ്ചായത്ത് കമ്മിറ്റി നിശ്ചയിച്ചിരുന്ന ശരിയായ നിരക്കിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകാരത്തോടു കൂടി വിജ്ഞാപനം പുതുക്കി പ്രസിദ്ധം ചെയ്ത് എല്ലാ വിഭാഗം കെട്ടിടങ്ങളുടേയും നികുതി നിർണ്ണയത്തിലുണ്ടായ നഷ്ടം കണക്കാക്കി തുക ഈടാക്കി ഓഡിറ്റിൽ രേഖാമൂലം വിവരം അറിയിക്കേണ്ടതാണെന്നും 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-2 ൽ പറഞ്ഞിരുന്നു. ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5) നൽകിയ മറുപടിയിൽ അടിസ്ഥാന നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തതിലെ പിഴവ് തിരുത്തുന്നതിലേക്കായി നിലവിൽ ഈടാക്കി വരുന്ന നികുതി നിരക്കിന് അംഗീകാരം ലഭിക്കുന്നതിനായി കമ്മിറ്റിയുടെ തീരുമാന പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതും ഇത് സംബന്ധിച്ചുള്ള നടപടികൾ ത്വരിതപ്പെടുത്തി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറിന് കുറഞ്ഞ മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള ഇളവ് അനുവദിച്ച് നൽകി

വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ഭാരതി എയർടെൽ ലിമിറ്റഡ് കമ്പനിയുടെ മൊബൈൽ ടവറിന്റെ വസ്തുനികുതി പരിഷ്കരിച്ചപ്പോൾ (കെട്ടിട നം.10/27) കുറഞ്ഞ മേൽക്കൂരയ്ക്ക് ബാധകമായ ഇളവ് (10%) നൽകിയതുമൂലം നികുതി ഇനത്തിൽ 900 രൂപ എല്ലാ വർഷവും ആവർത്തന നഷ്ടം വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിസ്തീർണ്ണം | നിരക്ക് | അടിസ്ഥാന വസ്തുനികുതി | ഇളവ്/വർദ്ധനവ് | നിർണ്ണയിച്ച നികുതി |
|---|---|---|---|---|
| 18 ച.മീ | 500/ച.മീ | 18X500=9000 | 900 ഇളവ്<br>(കുറഞ്ഞ മേൽക്കൂര10%) | 9000-900=8100 |

ഇപ്രകാരം മൊബൈൽ ടവറിന് മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള ഇളവ് നൽകിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13) ലഭ്യമാക്കിയ മറുപടിയിൽ വസ്തുനികുതി പരിഷ്കരണത്തിനായി ഡാറ്റാ എൻട്രി നടത്തിയപ്പോൾ വന്ന തെറ്റ് പ്യൂരിഫിക്കേഷനിലൂടെ പരിഹരിച്ച് നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ഉടമയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. നികുതി തെറ്റായി നിർണ്ണയിച്ചതുമൂലം കുറവ് വന്ന കുടിശ്ശിക തുക നാളിതുവരെയുള്ളത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 പുതിയ വസ്തുനികുതി നിർണ്ണയത്തിന് കാലപ്പഴക്കത്തിനുള്ള ഇളവ് നൽകുന്നു

2017-18 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ താഴെപ്പറയുന്ന വാസഗൃഹങ്ങൾക്ക് കാലപ്പഴക്കത്തിനുള്ള 10% ഇളവ് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | ഉടമസ്ഥന്റെ വിവരം | കാലപ്പഴക്കം | ഈടാക്കിയ അടിസ്ഥാന നികുതി (5രൂപ നിരക്കിൽ) +/- (വർദ്ധന്/ഇളവ്) |
|---|---|---|---|---|
| VI/170A | 91.43 | എം.ജെ.ചാക്കോ ചെമ്പകശ്ശേരിൽ പട്ടിത്താനം | 11 വർഷം | 457-91(10%-കാലപ്പഴക്കം, 10% മേഖല) =366 |
| IX/36A | 60.65 | എം.വി.ജോർജ്ജ് മുരിക്കനിൽക്കുകാലായിൽ കുറുമുള്ളൂർ | 11 വർഷം | 303-30(10%-കാലപ്പഴക്കം)+ 61(20%-വഴിസൗകര്യം)=334 |

പുതിയതായി നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾക്ക് ഇപ്രകാരം കാലപ്പഴക്കത്തിനുള്ള ഇളവ് നൽകിയത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (നം.14) ലഭ്യമാക്കിയ 2017-18 വർഷം കെട്ടിട നികുതി നിർണ്ണയിച്ചതാണെങ്കിലും ടി കെട്ടിടങ്ങൾ നിർമ്മിച്ചിട്ട് 10 വർഷക്കാലത്തിലധികമായതിനാൽ ഫോറം 6 ൽ 10 വർഷക്കാലത്തിലധികം പഴക്കമുള്ള കെട്ടിടമായി രേഖപ്പെടുത്തിയതിനാലാണ് ഇളവ് അനുവദിച്ചത് എന്ന മറുപടി തൃപ്തികരമല്ല. കെട്ടിടങ്ങളെ സംബന്ധിച്ച് പൂർത്തീകരണ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന തീയതി അടിസ്ഥാനമാക്കി നികുതി നിർണ്ണയം നടത്തേണ്ടതാണ്. ആയതിനാൽ മേൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കേണ്ടതും ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-6 തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപതു ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് ആ പ്രദേശത്തോ, അതിനു വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ, ഏർപ്പെട്ടിരിക്കുന്നതോ, അല്ലങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ, സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, അല്ലങ്കിൽ മുതൽ മുടക്കിൽ നിന്ന് എതെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ തൻ വർഷം സർക്കാർ ജീവനക്കാരുടേയും നാമമാത്രമായി സ്വകാര്യ സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും ഒഴികെ മേൽ സെക്ഷൻ പ്രകാരമുള്ള സ്വകാര്യ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ, വക്കീലുമാർ, വാഹന ഉടമകൾ, കേബിൾ ടി.വി ഓപ്പറേറ്റർമാർ, വ്യവസായ സ്ഥാപനങ്ങൾ, മറ്റ് സംരംഭകർ, എന്നി വിഭാഗങ്ങളിൽ നിന്ന് നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. അതോടൊപ്പം D&O ലൈസൻസിനായുള്ള അപേക്ഷയിൽ സ്ഥാപനയുടമ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ എണ്ണത്തിനാനുപാതികമായി സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ച് ഒടുക്കാത്തതായി കാണുന്നു ഉദാഹരണം താഴെചേർക്കുന്നു

| ക്രമ | സ്ഥാപനം | D&O ലൈസൻസിനായുള്ള | തൊഴിൽ നികുതി |
|---|---|---|---|

| നം. | | അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം | അടച്ച ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ചെട്ടിക്കൽ പേവിംഗ് ടൈൽസ്, കാണക്കാരി | 08 | - |
| 2 | പര്യാനിക്കൽ സോമിൽ, വെമ്പള്ളി | 05 | - |
| 3 | വിസ്കോ ക്വാറി, കടപ്പൂർ | ചേർത്തിട്ടില്ല. | - |
| 4 | സെന്റ്. മേരീസ് മാച്ച് വർക്സ് | 07 | - |
| 5 | എ വൺ ഫുഡ് പ്രോഡക്ട്സ്, കടപ്പൂർ കവല | 06 | - |
| 6 | സെന്റ്. മാത്യൂസ് ഇൻഡസ്ട്രീസ്, കുറുമാള്ളൂർ | 08 | - |
| 7 | മുണ്ടക്കൽ റബ്ബേഴ്സ്, കടപ്പൂർ | 07 | - |
| 8 | പെർഫക്ട് മാച്ച് ഇൻഡസ്ട്രീസ്, കളത്തൂർ | 20 | - |
| 9 | സോയൂസ് എജൻസീസ്, കാണക്കാരി | 07 | - |
| 10 | സെന്റ്. തോമസ് ഫ്യൂവൽ സ്റ്റേഷൻ, കാണക്കാരി | 09 | - |
| 11 | മുട്ടപ്പള്ളി യേൻ സോമിൽ, വെമ്പള്ളി | 04 | - |
| 12 | ജോസ്കോ ഫുഡ് ഇൻഡസ്ട്രീസ്, വെമ്പള്ളി | 10 | - |
| 13 | ലാർക്ക് ഇൻഡസ്ട്രീസ്, കാണക്കാരി | 03 | - |
| 14 | എ വൺ സോൾവന്റ് സിമെന്റ്, കളത്തൂർ | 05 | - |
| 15 | എയ്ജൽ കാറ്ററിംഗ്, കുറുമുള്ളൂർ | 05 | - |

| | | | |
|---|---|---|---|
| 16 | പൊൻമാങ്കൽ ഫ്യുവൽസ്, കാണക്കാരി | 05 | - |
| 17 | സൂര്യാ മോട്ടോഴ്സ്, കാണക്കാരി | 02 | - |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 7- ന് പരാമർശിത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുന്നതിന് സ്ഥാപന മേധാവികൾക്ക് 27.09.2018- ൽ രജിസ്റ്റേർഡ് കത്ത് അയച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്കേണ്ടതായിട്ടുള്ള എല്ലാ വിഭാഗം നികുതിദായകരിൽ നിന്നും നികുതി ഈടാക്കുന്നതിനായുള്ള ഡിമാന്റ് നോട്ടീസ് നൽകൽ, സ്ഥാപന പരിശോധന തുടങ്ങിയ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രസ്തുത വിഷയത്തിൽ ആവശ്യമായ ശ്രദ്ധ പുലർത്തിയതായി കാണുന്നില്ല. സത്വര നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതി ഈടാക്കുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 ഡി&ഒ ലൈസൻസ് നടപടിക്രമങ്ങളിലെ പാളിച്ചകൾ

പഞ്ചായത്ത് പരിധിയിലെ കള്ള്ഷാപ്പുകളൊന്നും ഡി & ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ഒന്നും ലഭ്യമല്ല. അതോടൊപ്പം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതുമായ താഴെചേർക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ഇറച്ചിവിൽപന ശാലകൾ |
| 2 | ക്ഷീരോൽപാദകസംഘങ്ങൾ ( കടപ്പൂർ, വെമ്പള്ളി) |
| 3 | റേഷൻ കടകൾ |
| 4 | മാവേലി സ്റ്റോഴ്സ് / സിവിൽ സപ്ലയസ്സ് കേന്ദ്രങ്ങൾ |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.6- ന് പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ച വരുന്നതായും തുടർ നടപടികൾ സ്വീകരിച്ച് ലൈസൻസ് ഫീ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽ നിന്നും നടപടിക്രമങ്ങൾ പാലിച്ച് ലൈസൻസ് ഫീ ഈടാക്കാത്തതുമൂലം തനത്ഫണ്ടിന് വരുമാന നഷ്ടം ഉണ്ടാകുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ജനപ്രതിനിധികളുടേയും പൊതുജനങ്ങളുടെയും സഹകരണത്തോടെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും ഡി&ഒ ലൈസൻസ് നിയമത്തിനുള്ളിൽ വരുന്നതുമായ ഷാപ്പുകളുടെയും മറ്റ് എല്ലാ പരാമർശിത സ്ഥാപനങ്ങളുടേയും വിവരശേഖരണം നടത്തേണ്ടതും തുടർ നടപടികൾ സ്വീകരിച്ച് ലൈസൻസ് ഫീ ഈടാക്കേണ്ടതുമാണ്. പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിലെ ഡി & ഒ ട്രേഡ് ലൈസൻസ് അപേക്ഷകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ അപേക്ഷകളിൽമേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാക്കിയിട്ടുള്ള പരിശോധന റിപ്പോർട്ടുകളിൽ സ്ഥലം/ സ്ഥാപനം പരിശോധിച്ച തീയതി, സ്ഥാപനത്തിലെ ജീവനക്കാരുടെ കൃത്യമായ എണ്ണം, ഉപയോഗിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം, യന്ത്രം സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടോ? ലൈസൻസ് വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ? ഖര- ദ്രവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതി തൃപ്തികരമാണോ? സ്ഥാപനത്തിനെതിരെ പരിസരവാസികൾക്ക് പരാതിയുണ്ടോ? മുതലായ പ്രധാനപ്പെട്ട കാര്യങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ വരുമാനമാർഗ്ഗം എന്നതിലുപരി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതെ സുരക്ഷിതമായും ശുചിത്വത്തോടുകൂടിയും

സ്ഥാപനങ്ങളുടെ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനായി സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ഈ ലൈസൻസിന്റെ നടപടിക്രമങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 2-8 കെട്ടിടനിർമ്മാണപെർമിറ്റ്- രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.06.2007 ലെ 24136/ആർ.എ1/2007/തസ്വഭവ നമ്പർ സർക്കുലറിലെ അപ്പൻഡിക്സ്-1 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കെട്ടിടനിർമ്മാണ അപേക്ഷ രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി പരിപാലിക്കേണ്ടതാണ്. എന്നാൽ കാണക്കാരി ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് രജിസ്റ്ററിലെ മുഴുവൻ കോളങ്ങളിലും വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിൽ കെട്ടിടങ്ങളുടെ വാർഡ് നം., പെർമിറ്റ് നിരസിക്കുന്ന സംഗതികളിൽ ആയതിന്റെ കാരണം, പെർമിറ്റ് പുതുക്കുന്ന സംഗതികളിൽ ആയതിന്റെ വിവരം, കെട്ടിടം പണി പൂർത്തിയാക്കി നികുതി നിർണ്ണയം നടത്തിയതിന്റെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തുന്നില്ല. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ കെട്ടിടനിർമ്മാണ അപേക്ഷ കൈകാര്യം ചെയ്യുന്ന ഫയലുകൾ പരിശോധനയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുന്നത് സംബന്ധിച്ച വിവരങ്ങൾ, കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കുന്നുണ്ടോയെന്ന വിവരം, അപേക്ഷ നിരസിക്കുന്നുവെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ അറിയുവാൻ സാധിക്കുന്നില്ല. നികുതിനിർണ്ണയം നടത്തിയ തീയതി, വാർഡ് നം. എന്നിവ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ പെർമിറ്റ് നൽകിയ കെട്ടിടങ്ങളെല്ലാം പണിപൂർത്തീകരിച്ച് നികുതി നിർണ്ണയം നടത്തുന്നുണ്ടോയെന്നും ഉറപ്പാക്കാൻ കഴിയുന്നില്ല. കൂടാതെ അപേക്ഷ ലഭിച്ച് കാലാവധിക്കുള്ളിൽ പെർമിറ്റ് നൽകാത്തവയുടെ കാര്യത്തിലുള്ള തുടർനടപടികളുടെ വിവരങ്ങളും മറ്റ് ഏജൻസികളുടെ ക്ലിയറൻസ് ലഭിക്കുന്നതിന് അയയ്ക്കുന്ന ഫയലുകളുടെ തുടർ വിവരങ്ങളും രജിസ്റ്ററിൽ ചേർക്കുന്നില്ല. കെട്ടിടങ്ങളുടെ ക്രമവൽക്കരണത്തിനുള്ള അപേക്ഷകളുടെ വിവരങ്ങളും പ്രത്യേക രജിസ്റ്ററിൽ ചേർക്കാതെ പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് രേഖപ്പെടുത്തിപ്പോരുന്നത്. ആയതിന്റെ വിവരങ്ങളും പൂർണ്ണമല്ല. മേൽ അപാകതകൾ പരിഹരിച്ച് പെർമിറ്റ് രജിസ്റ്റർ പൂർണ്ണമാക്കേണ്ടതാണ്.

## 2-9 കെട്ടിടങ്ങളുടെ ക്രമവൽക്കരണഫീസ് ഈടാക്കുന്നതിൽ കുറവ്

തദ്ദേശ സ്വയംഭരണ വകുപ്പ് (അർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി -2/15 നമ്പർ കത്തിലൂടെ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവല്ക്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്ന ക്രമവല്ക്കരണ കേസുകളിൽ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കി വരുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, വിലാസം | വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം | ക്രമവല്ക്കരണത്തിന് ഈടാക്കേണ്ട ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| റെജി വർഗ്ഗീസ്, കർത്തേടത്ത് നെടിയോരത്തിൽ | 63.07 | വാണിജ്യം | 63.07X15=946 | 63.07X10=631 | 315 |
| മാത്യു സക്കറിയ, പന്നക്കൽ | 124.8 | വാണിജ്യം | 124.8X15=1872 | 124.8X10=1248 | 624 |

| | | | | | |
|---|---|---|---|---|---|
| സിസ്റ്റർ.ജാൻസി, സെൻ്റ് അലോഷ്യസ് സൊസൈറ്റി ഓഫ് എഡ്യൂക്കേഷൻ | 386.75 | വിദ്യാഭ്യാസം | 386.75X15=5801 | 386.75X10=3868 | 1933 |

ഇപ്രകാരം ഫീസ് കുറവായി ഈടാക്കുന്നതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10) മറുപടിയായി കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 137(4) പ്രകാരമാണ് പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസ് ഈടാക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവല്ക്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന തദ്ദേശ സ്വയംഭരണ വകുപ്പ് (അർ.ഡി) സെക്രട്ടറിയുടെ 229813/ആർ.ഡി -2/15 നമ്പർ കത്തിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 2-10 ഇ-ടെൻഡർ-ടെൻഡർഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല

2017-18 വർഷം പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ഇ.എം.ഡി, ടെൻഡർഫീസ് എന്നീ ഇനങ്ങളിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. തൻവർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ / പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ടെൻഡർ ഫീസ് നിരക്ക് | ആകെ ഫീസ് |
|---|---|---|---|---|
| 1 | 33/18, വെമ്പള്ളി യു.പി.സ്കൂൾ മെയിന്റനൻസ് വാർഡ് 2 | 7 | 1770 | 12390 |
| 2 | 120/18, കളരിപ്പടി -രത്നഗിരി റോഡ് മെയിന്റനൻസ്,സൈഡ് കെട്ട് വാർഡ് 8 | 4 | 2360 | 9440 |
| 3 | 124/18, കുഴിക്കാട്ടിൽപടി - കട്ടുവാക്കുഴി റോഡ് സൈഡ്കെട്ട് വാർഡ് 4 | 3 | 1770 | 5310 |
| 4 | 129/18, 3-ാം വാർഡ് അങ്കണവാടി കെട്ടിട നിർമ്മാണം | 6 | 2950 | 17700 |
| 5 | 162/18, പൊതുശൗചാലയ സമുച്ചയ നിർമ്മാണം | 1 | 2800 | 2800 |

ഗ്രാമപഞ്ചായത്തിന് അവകാശപ്പെട്ട ടെൻഡർഫീ തുക എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽനിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്റ്റാന്റിംഗ് കമ്മറ്റികളുടെ അവലോകനം

1.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

കൃത്യമായി യോഗം ചേർന്ന് കണക്കുകൾ പരിശോധിക്കുകയും ബഡ്ജറ്റുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രതീക്ഷിത വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടില്ലായെന്ന് കാണുന്നു. വിമുക്ത ഭടൻമാർക്കും അവരുടെ ആശ്രിതർക്കും വസ്തുനികുതി ഒഴിവ്, നികുതി പുനർ നിർണ്ണയം, കേരളോൽസവം സംഘാടനം എന്നീ വിഷയങ്ങൾ മാത്രമാണ് സ്റ്റാന്റിംഗ്കമ്മിറ്റി ചർച്ച ചെയ്തിട്ടുള്ളത്.

2. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

ചുമതലയിൽപ്പെട്ട എല്ലാ വിഷയങ്ങളും പ്രോജക്ട് അവലോകനവും ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കൃഷി, മൃഗസംരക്ഷണ മേഖലകളിൽ നൂതനമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായതായി കാണുന്നില്ല.

3. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

വിവിധ ക്ഷേമപെൻഷനുകളുമായി ബന്ധപ്പെട്ട വിശദമായ ചർച്ചകൾ പ്രതിമാസ യോഗങ്ങളിൽ വന്നിട്ടുള്ളതും അനർഹരെ ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ആശ്രയ പ്രോക്ടിനെ സംബന്ധിച്ച് യാതൊരു ചർച്ചയും തൻവർഷംനടത്തിയിട്ടില്ല.

4.ആരോഗ്യ വിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മറ്റി

പ്രവർത്തനം തൃപ്തികരമാണ്. പ്രതിമാസ യോഗങ്ങൾ ചേർന്ന് ചുമതലകൾ നിർവ്വഹിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനം, പാലിയേറ്റീവ് കെയർ പദ്ധതി എന്നിവ കൃത്യമായി വിശകലനം ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കേണ്ടിയിരുന്ന എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോജക്ട് നം.20) എന്ന പ്രോജക്ട് എച്ച്.എം ആണ് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ചുള്ള കൃത്യമായി നിർദ്ദേശം സ്റ്റാന്റിംഗ് കമ്മിറ്റി നൽകിയതായി കാണുന്നില്ല.

## 3-2 പുതിയ പഞ്ചായത്ത് ഓഫീസ് ഉദ്ഘാടനം-അധികചെലവ്

05.07.2017 ൽ നടന്ന ഗ്രാമപഞ്ചായത്തിന്റെ പുതിയ ഓഫീസ് ഉദ്ഘാടനത്തിന് തനത് ഫണ്ടിൽ നിന്നും ആകെ 1,20,785/- രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| തീയതി | ബിൽനം./ വൗച്ചർ നം. | ചെലവ് ഇനം | തുക | റിമാർക്സ് |
|---|---|---|---|---|
| 22.07.17 | 330 / 21700337 | ഉദ്ഘാടന സമ്മേളനത്തിൽ വെച്ച് വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ഉപഹാരം നൽകിയത് | 8863 | |
| 25.07.17 | 333 / 21700340 | ഉദ്ഘാടനം സംബന്ധിച്ച് മംഗളം ദിനപത്രത്തിൽ പ്രത്യേക സപ്ലിമെന്റായി പരസ്യം നൽകിയത് | 52500 | അക്കൗണ്ടിലേക്ക് 25.07.17 ൽ നൽകി (നം.791600009) |
| 31.03.17 | 345/21700352 | ഉദ്ഘാടനം സംബന്ധിച്ച് ദീപിക | 59422 | ചെക്ക്നം |

| | | | | |
|---|---|---|---|---|
| | | ദിനപത്രത്തിൽ പ്രത്യേക സപ്ലിമെന്റായി പരസ്യം നൽകിയത് | | 27720/ 31.07.17 |
| | ആകെ | | 120785 | |

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം പഞ്ചായത്ത് ആസ്തികളുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നതിനുള്ള ചെലവ് അസാധാരണ ചെലവുകളിൽപ്പെടുന്നു. ചട്ടം 4 പ്രകാരം അസാധാരണ ചെലവുകൾക്ക് ഗ്രാമപഞ്ചായത്തിന് ഒരു വർഷം ചെലവാക്കാവുന്ന ആകെ തുക, മുൻവർഷത്തെ മിച്ച ഫണ്ടിന്റ ഇരുപത് ശതമാനം വരെയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയും ആയിരിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത ചട്ടത്തെ അധികരിച്ച് 120785/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4) ലഭ്യമാക്കിയ മറുപടിയിൽ അനുവദനീയമായതിലും അധികമായി ചെലവഴിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം ലഭിക്കുന്നതിനായി 17.10.17 ൽ അപേക്ഷിച്ചിട്ടുണ്ടെന്നും ആയത് സർക്കാരിന്റെ പരിഗണനയിലാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത കത്തിൽ 105785 രൂപയ്ക്കാണ് സാധൂകരണം ചോദിച്ചിട്ടുള്ളത്. ആയതിന്റെ കൃത്യത പരിശോധിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അനുവദനീയമായതിലും അധികമായി ചെലവഴിച്ച 20785 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 പത്രപരസ്യങ്ങൾ ഒരുമിച്ച് നൽകിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2017-18 വർഷത്തെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് മംഗളം ദിനപത്രത്തിൽ നൽകിയ വിവിധ പത്രപരസ്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പരസ്യത്തിന്റെ ആവശ്യം | പത്രത്തിൽ പരസ്യം വന്ന തീയതി | നൽകിയതുക | ബിൽ നം. |
|---|---|---|---|---|
| 1 | എ.ഇ നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് വർക്കുകൾ ടെണ്ടർ ചെയ്യുത് | 17.08.17 | 6300 | 572/11.10.2017 |
| 2 | സെക്രട്ടറി നിർവ്വഹണം നടത്തുന്ന സോളാർ സ്ട്രീറ്റ് ലൈറ്റ് പദ്ധതിയുടെ ഇ-ടെണ്ടർ | 22.08.17 | 6300 | |
| 3 | സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർ വൈസർ എന്നിവരുടെ വാങ്ങൽ പ്രോജക്ടുകൾ ടെണ്ടർ ചെയ്യുത് | 24.08.17 | 6300 | |
| 4 | എ.ഇ നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് വർക്കുകൾ ഇ-ടെണ്ടർ ചെയ്യുത് | 27.08.17 | 6300 | |

മേൽ പരസ്യങ്ങൾ എല്ലാം തന്നെ പത്ത് ദിവസത്തിനുള്ളിൽ പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഇതിൽ എ.ഇ നിർവ്വഹണം നടത്തുന്ന പദ്ധതികൾക്കും (ടെണ്ടർ, ഇ-ടെണ്ടർ) സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർ വൈസർ എന്നിവർ നിർവ്വഹണം നടത്തുന്ന പദ്ധതികൾക്കും ഒരുമിച്ച് പത്രപരസ്യം നൽകിയിരുന്നുവെങ്കിൽ ഇത് മൂലമുള്ള ആവർത്തന ചെലവ് ഒഴിവാക്കാമായിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നിർവ്വഹണം അർദ്ധ വർഷത്തോട് അടുത്തിട്ടും കാര്യമായ പുരോഗതി കൈവരിക്കാതിരുന്നതിനാൽ നിശ്ചിത ചെലവ് ശതമാനം കൈവരിക്കുന്നതിനായി സാങ്കേതിക അനുമതി കിട്ടിയ മുറയ്ക്ക് പല ഘട്ടങ്ങളിലായി ടെണ്ടർ

പരസ്യം നൽകിയതെന്ന് വ്യക്തമാക്കി. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽ നോട്ടം ഉണ്ടാകേണ്ടതും തുടർ വർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-4 വേസ്റ്റ് ബിൻ സ്ഥാപിയ്ക്കൽ - തുടർപ്രവർത്തനങ്ങൾ നടത്തി പൂർത്തീകരിയ്ക്കാത്തത്-

പ്രോജക്ട് നം. 26/18

| അടങ്കൽ | ചെലവ് |
|---|---|
| വികസനഫണ്ട് - 159920- | 159920- (ബിൽ നം.3/18/ 24-8-17) |

വിഇഒ നിർവ്വഹണോദ്യോഗസ്ഥനായി 16-17 ൽ ആരംഭിച്ച പദ്ധതിയുടെ തുടർച്ചയായി തൻവർഷം ദിനമിത്ര, ചെങ്ങളം എന്ന സ്ഥാപനത്തിൽ നിന്നും ഒരെണ്ണത്തിന് 3807- നിരക്കിൽ (നികുതിയുൾപ്പെടെ 3998- ) 40 വേസ്റ്റ്ബിന്നുകൾ ആകെ 159920- ചെലവഴിച്ച് വാങ്ങി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ബിൻ കൈപ്പറ്റിയതായുള്ള ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീതല്ലാതെ ബിന്നുകൾ എവിടൊക്കെ സ്ഥാപിച്ചുവെന്നത് പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻവർഷം 20 ബിന്നുകളും വിവിധയിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. 18-19 വർഷം 30 അംഗങ്ങളെ ചേർത്ത് ഹരിതകർമ്മസേന രൂപീകരിയ്ക്കുകയും പ്ലാസ്റ്റിക് തരം തിരിയ്ക്കുന്നതിനുള്ള നടപടികൾ ആരംഭിയ്ക്കുകയും ചെയ്തതായി അന്വേഷണകുറിപ്പിന് (8/24.09.18) വിഇഒ മറുപടി നൽകി. ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിലെ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ച് പ്ലാസ്റ്റിക് നിർമ്മാർജ്ജന നടപടികളുടെ തുടർ റിപ്പോർട്ട് ലഭ്യമാക്കുന്നത് വരെ മേൽ പ്രോജക്ടിനായുള്ള 159920- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 വാട്ടർ ടാങ്ക് വാങ്ങി നൽകൽ പദ്ധതി- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം . | 49/18 |
| വികസനഫണ്ട് | 46000- (ബിൽ നം. 6/18.21-3-18) |
| തനതുഫണ്ട് | 2000-( ചെക്ക് നം.490605/ 1 7-3-18) |
| ഗുണ. വിഹിതം | 12000-( “ ) |
| ആകെ | 60000- |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പട്ടികവർഗ്ഗ ഉപപദ്ധതിയിൽപ്പെടുത്തി നടപ്പാക്കിയ വാട്ടർ ടാങ്ക് പദ്ധതി പ്രകാരം 16 ഗുണഭോക്താക്കൾക്ക് 60000- ചെലവഴിച്ച് ( 3750x16) 500ലി. വാട്ടർടാങ്ക് വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതിനടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കളിൽ രാജു.C.T, മുള്ളൻകുഴിയിൽ, കാണക്കാരി,, P.A.രാജൻ, ആനിക്കാട്ടിൽ, പട്ടിത്താനം,, രാജമ്മ ബാബു, കാവുംപാടം,കുറുമുള്ളൂർ,, കുഞ്ഞുകുട്ടൻ, ആറ്റുചാലിൽ, കാണക്കാരി എന്നീ 4 ഗുണഭോക്താക്കളുടെ ജാതി തെളിയിയ്ക്കുന്ന രേഖകൾ ഇല്ല.
2. പഞ്ചായത്തിലെ മുഴുവൻ പട്ടികവർഗ്ഗകുടുംബങ്ങൾക്കും ടാങ്ക് വിതരണം ചെയ്യാമെന്ന ഊരുക്കൂട്ടത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തുകയാണ് ചെയ്തത്. നിലവിൽ ടാങ്ക് ഇല്ലാത്തവർ/മുൻ വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ നിന്നോ മറ്റ് തസ്വഭവ സ്ഥാപനങ്ങളിൽ നിന്നോ ടാങ്ക് ലഭിയ്ക്കാത്തവർ എന്നിവ ഉറപ്പാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 11) മറുപടിയായി ഗുണഭോക്താക്കൾക്ക് കത്ത് നൽകി രേഖകൾ അടുത്ത ഓഡിറ്റ് വേളയിൽ ഹാജരാക്കുന്നതാണെന്ന മറുപടി നൽകി. വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ മേൽ പ്രോജക്ടിനായുള്ള 60000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്തത്-

വിഇഒ നിർവ്വഹണോദ്യോഗസ്ഥനായി ലൈഫ് മിഷൻ സ്പിൽഓവർ വീടുകളുടെ പൂർത്തീകരണം ( പ്രോജക്ട് നം. 145/18) പദ്ധതി പ്രകാരം മുൻകാലഭവനപദ്ധതികളിൽ പ്പെടുത്തി നിർമ്മാണം പൂർത്തീകരിയ്ക്കാൻ ശേഷിച്ചിരുന്ന 10 ഗുണഭോക്താക്കൾക്കായി തൻവർഷം ആകെ 815000- തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ചുവടെ കൊടുത്തിരിയ്ക്കുന്ന 4 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇവരിൽ മുൻകൂർ മാത്രം കൈപ്പറ്റിയ ഗുണഭോക്താവും ഉൾപ്പെടുന്നു. ഈ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിച്ച് വിവരം അറിയിയ്ക്കേണ്ടതാണ്.

1. സൂസമ്മ, ലക്ഷം വീട്, വെമ്പള്ളി.
2. എൽസമ്മ, തടത്തിപ്പറമ്പിൽ, കാണക്കാരി.
3. കുട്ടപ്പൻ, ചാത്തമല
4. അന്നമ്മ, ലക്ഷംവീട്, കല്ലമ്പാറ

## 3-7 പ്രോജക്ട് നം.22/17-18 -ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ ലഭ്യമാക്കിയില്ല--ചെലവ് തടസ്സപ്പെടുത്തുന്നു

കാണക്കാരി ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി ബിൽ നം.1/17-18 തീയതി 18.09.2017 പ്രകാരം 100000/- രൂപയുടെ മരുന്നുകൾ സപ്ലൈ ചെയ്യുന്നതിന് ഹോംകോ ഫാർമസി ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രോജക്ടിനായുള്ള 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ആശ്രയ- തുടർ സേവനങ്ങൾക്കായി തുക ചെലവഴിയ്ക്കാത്തത്-

2012-13 ൽ അവസാനിച്ച ആശ്രയ ഒന്നാം ഘട്ടപദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.4068610101209/ ഗ്രാമീൺ ബാങ്ക്, കാണക്കാരി) 1-8-18 ൽ പലിശയുൾപ്പെടെ 3,14,100- രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ 1,90,000- രൂപ വികസനഫണ്ടാണ്. രണ്ടാം ഘട്ടത്തിനായി കാണക്കാരി എസ്.ബി.ഐ ൽ 2014 ൽ ആരംഭിച്ച അക്കൗണ്ടിലേയ്ക്ക് 16-6-17 ൽ ചലഞ്ച് ഫണ്ട് രണ്ടാം ഗഡുവായി 4,19,269- ലഭിയ്ക്കുകയും ഇതിൽ നിന്ന് ഭക്ഷണ വിതരണത്തിനായി തുക ചെലഴിയ്ക്കുകയും ചെയ്തു. 23-8-18 ൽ അക്കൗണ്ടിൽ 2,97,489- ശേഷിയ്ക്കുന്നു. സ.ഉ (എംഎസ്) 252/2017/തസ്വഭവ/ 12-12-17 പ്രകാരം അഗതിരഹിതകേരളം പദ്ധതി എന്ന പുതിയപദ്ധതി തുടങ്ങുകയും പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈസാഹചര്യത്തിൽ 2ാം ഘട്ട പദ്ധതിപ്രവർത്തനങ്ങളും നിർത്തിവെച്ചിരിയ്ക്കുകയും മൂന്നാം ഘട്ടത്തിലായുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ നടപടി പൂർത്തിയാക്കി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നതേയുള്ളൂ. പുതിയപദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക 3-1-2 ൽ ആശ്രയ ഒന്നാം ഘട്ടത്തിന്റെയും രണ്ടാം ഘട്ടത്തിന്റെയും കാസ് ഓഡിറ്റ് പൂർത്തിയാക്കി അക്കൗണ്ടുകളിൽ മിച്ചമുള്ള തുക മൂന്നാം ഘട്ട പദ്ധതിയ്ക്കായി ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിയ്ക്കുവാനും, ഖണ്ഡിക 3-4ൽ, അക്കൗണ്ടിലേക്ക് മാറ്റുന്ന തുകയിൽ ചലഞ്ച് ഫണ്ട്, അതിന്റെ പലിശ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകി വേണം അക്കൗണ്ട് ക്ലോസ് ചെയ്യാൻ എന്നും നിർദ്ദേശിച്ചിരിയ്ക്കുന്നു. എന്നാൽ മിച്ചമുള്ള വികസനഫണ്ട് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. സർക്കാരിൽ നിന്നും പ്രത്യേകാനുമതി ലഭ്യമാകുന്ന പക്ഷം പ്ലാൻ ഫണ്ടുൾപ്പെടെ അക്കൗണ്ടിലേയ്ക്ക് മാറ്റുകയോ, അല്ലാത്ത പക്ഷം വികസനഫണ്ട് സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

## 3-9 വിനിയോഗ സാക്ഷ്യപത്രമില്ല- ചെലവ് തടസപ്പെടുത്തുന്നു.

ചുവടെ കൊടുത്തിരിയ്ക്കുന്ന ചെലവുകൾ അവയുടെ പൂർത്തീകരണ വിവരം/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവഴിച്ച തുക | ബിൽ നം./ വൗച്ചർ നം. | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 137/18. ചിറക്കുളം നവീകരണത്തിന് പഞ്ചായത്ത് വിഹിതം അടവാക്കൽ | സെക്രട്ടറി | 19346- | 21700928/10/18 | ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് |
| 2 | 139/18.പഞ്ചായത്തിലെ വിവിധവാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | " | 100000- | 21700428/4-8-17 | " |
| 3 | 147/18.കുത്താടി ചാണകപ്പാറ സ്ട്രീറ്റ് മെയിൻ | " | 186204- | ചെക്ക് നം. 490617/22-3-18 | കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ, കുറവിലങ്ങാട് |
| 4 | 148/18.വിക്ടർ ജോർജ് റോഡ് സ്ട്രീറ്റ് മെയിൻ | " | 167892- | 21700829/14-12-17 (61325/-) 21701233/20-3-18 | കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ, ഏറ്റുമാനൂർ |
| 5 | 38/18.കന്നുകുട്ടി പരിപാലനം | വെറ്ററിനറി സർജൻ | 486203- 76297- | 21700978/19-1-18 19580/9-10-17 | പ്രോജക്ട്ഓഫീസർ, കാഫ് ഫീഡ്സബ്സി പ്രോഗ്രാം, കോട്ടയം |
| | | ആകെ- | 1035942 | | |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 21.12.17 | 247900 | സമഗ്ര നെൽകൃഷി വികസനം | 247900 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 14.12.17 | 50000 | ശാരീരിക, മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 27.03.18 | 219562 | ലൈഫ് മിഷൻ | 219562 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 19.03.18 | 212500 | ശാരീരിക, മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 212500 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 30.10.17 | 100000 | ക്ഷീര കർഷകർ മുഖേന ശേഖരിക്കുന്ന പാലിന് സബ്സിഡി | 100000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 30.10.17 | 100000 | ക്ഷീര കർഷകർ മുഖേന ശേഖരിക്കുന്ന പാലിന് സബ്സിഡി (വനിത) | 100000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | വൗച്ചർ/ ചെക്ക് നമ്പർ | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (വിക്ടർ ജോർജ്ജ് റോഡ്) | 61325 | 21700829 dt. 14.12.17 | 61325 |
| KSEB | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (വിക്ടർ ജോർജ്ജ് റോഡ്) | 106567 | 21701233 dt. 20.03.18 | 106567 |
| KSEB | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (കുത്തോട്ടി- ചാണകപ്പാറ റോഡ്) | 186204 | 21701247 dt. 22.03.18 | 186204 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | ബാങ്ക്/ ലോൺ അക്കൗണ്ട് നം. | 31.03.2018 വരെ വായ്പ എടുത്ത തുക | 01.04.2017-ൽ തിരിച്ചട യ്ക്കാനുള്ള തുക | 2017-18 തിരിച്ചടച്ച തുക (മുതൽ) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.(ആർ.ടി.) നം.725/2010 /തസ്വഭവ 04.03.2010 | കാണക്കാരി എസ്.സി.ബി. ലിമിറ്റഡ് നം.3831, വെമ്പള്ളി ശാഖ A/C No. | 10,651,687 | 2445804 | 2445804 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 0142010000001 | | | | |

23.04.2015-ന ശേഷം പലിശയിനത്തിൽ തുകയൊന്നും സർക്കാരിൽ നിന്നും അടവാക്കിയിട്ടില്ല. സർക്കാരിൽ നിന്നും ലഭിക്കേണ്ട പലിശയിനത്തിലുള്ള തുക ലഭ്യമാക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2017-18 വർഷം ലഭിച്ച 61860/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം. തിയ്യതി |
|---|---|---|---|---|
| 2016-17 | അന്വേഷണ കുറിപ്പ് 5(1) | 22708 | ജോസഫ് സെബാസ്റ്റ്യൻ, കോൺട്രാക്ടർ | 117060101957 dt 3.10.17 |
| 2016-17 | അന്വേഷണ കുറിപ്പ് 5(2) | 14386 | കെ.ജെ. ജോൺ കോൺട്രാക്ടർ | 117060101962 dt 3.10.17 |
| 2016-17 | ഖണ്ഡിക 3-4 | 24707 | പി.എ. ജോസഫ്, കോൺട്രാക്ടർ | 117060101957 dt 3.10.17 |
| 2000-01 | ഖണ്ഡിക 2-2, 2-3, 2-4 | 09 | ജോർജ്ജ് ജേക്കബ്, മുൻ സെക്രട്ടറി | 117060101641 dt 24.08.17 |
| 2002-03 | 2-2 | 50 | ജോർജ്ജ് ജേക്കബ്, മുൻ സെക്രട്ടറി | 117060101648 dt 24.08.17 |
| | ആകെ | 61860 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 78478126 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72707137 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1376647 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 20785- | ശ്രീ. ബെന്നി ജേക്കബ്, സെക്രട്ടറി |
| 3-4 | 159920- | ശ്രീമതി ലേഖ.എം.തമ്പി വിഇഒ |
| 3-5 | 60000- | ശ്രീ ജയകുമാർ.ബി.റ്റി, അസി.സെക്രട്ടറി |
| 3-7 | 100000- | ഡോ.സുമ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-9 | 473442- | ശ്രീ ബെന്നി ജേക്കബ്, സെക്രട്ടറി |
| 3-9 | 562500- | ഡോ.ജയദേവൻ, വെറ്റിനറി സർജൻ |
| ആകെ | 1376647- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| 1997-98ചെലവ് | നം.എൽ.എഫ്.കെ.പി.2/347/99/10.05.99 | 9 |
| 1999-00 | നം.കെഎസ്എകെടിഎംപി4(അദ്ധാ.2018)49(1)18/31-1-18 | 24 |
| 1998-99 ചെലവ് | നം.എൽ.എഫ്.കെ.പി.4/863/02/30.04.03 | 26 |
| 2000-01,2001-02 | നം.കെഎസ്എകെടിഎംപി4(അദ്ധാ.2018)49(3)18/31-1-18 | 14 |
| 2000-01 | നം.കെഎസ്എകെടിഎംപി4(അദ്ധാ.2018)49(2)18/31-1-18 | 12 |
| 1996-97 വരവ് | നം.എൽ.എഫ്.കെ.പി.10/1416/07/29.11.08 | -- |
| 2002-03ചെലവ് | നം.കെഎസ്എകെടിഎംപി4(അദ്ധാ.2018)49(4)18/31-1-18 | 5 |
| 2002-03ഡി.സി.ബി | നം.എൽ.എഫ്.കെ.പി.10/1423/07/29.11.08 | 01 |
| 2003-04 (ചെലവ്) | നം.എൽ.എഫ്.കെ.പി.10/120/06/06.11.07 | 14 |

| | | |
|---|---|---|
| 2003-04 (ഡി.സി.ബി) | നം.കെഎസ്എകെടിഎംപി4(അദാ.2018)49(4A)18/31-1-18 | 5 |
| 2004-05 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(5)18/31-1-181 | 5 |
| 2005-06 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(6)18/21-2-18 | 5 |
| 2006-07 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(7)18/21-2-18 | 4 |
| 2007-08 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(8)18/26-2-18 | 3 |
| 2008-09 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(9)18/21-3-18 | 2 |
| 2009-10 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(10)18/26-2-18 | 1 |
| 2010-11 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(11)18/26-2-18 | 7 |
| 2011-12 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(12)18/26-2-18 | 5 |
| 2012-13 | നം.എൽ.എഫ്.കെ.പി.4/118/14/08.09.15 | 23 |
| 2013-14 | നം.എൽ.എഫ്.കെ.പി.4/1248/14/03.09.15 | 16 |
| 2014-15 | കെ.എസ്.എ.കെ.ടി.എം.പി4-971/16, 18.02.17 | 11 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി4-1512/16/21.02.2017 | 10 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി4-2072/17/06.02.2018 | 27 |
| 2017-18 | കെ.എസ്.എ.കെ.ടി.എം.പി.2-172/2018(23)/07.03.2018 [സമാഹൃത റിപ്പോർട്ട് 2017-18 (ഇ-ഗവേണൻസും സോഫ്റ്റ്‌വെയറുകളും) സ്പെഷ്യൽ റിപ്പോർട്ട്] | 5 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം 2017-18</u>

നം.കെ.എസ്.എ.-കെ.ടി.എം.പി*4-1811/2018* തീയതി *: 11.10.2018*

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ: 04812564886

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം